**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2841** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഭൂതത്താൻകെട്ട് (3x8 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി KSEBL, M/s.Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022 ൽ ഒപ്പിട്ടു. ഇത് പ്രകാരം പേയ്മെന്റ് നടത്തുന്നതിന് KSEBL Letter of Credit open ചെയ്യേണ്ടതുണ്ട്. ത്രികക്ഷി കരാർ ഒപ്പിട്ടത് വരെയുള്ള നടപടികളുടെ നിയമ സാധുത അഡ്വക്കേറ്റ് ജനറൽ മുഖാന്തരം പരിശോധിക്കാൻ ബോർഡ് തീരുമാനിച്ചു. സിവിൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 99.7%. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 86.61%. |
| (ബി) | എത്ര കോടി രൂപയുടെ പദ്ധതിയാണ് അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | 231.21 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 8 മെഗാവാട്ടിന്റെ 3 യന്ത്രങ്ങൾ ഉപയോഗിച്ച് 24 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി പ്രദേശത്ത് എന്തെല്ലാം സിവിൽ മെക്കാനിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 99.7%. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ പുരോഗതി 86.61%. പദ്ധതി കാലതാമസം കൂടാതെ കമ്മീഷൻ ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ചൈനയിൽ നിന്ന് അവസാനത്തെ കൺസൈൻമെന്റ് (3rd consignment) ഇറക്കുമതി ചെയ്യാൻ വേണ്ടി KSEBL, M/s.Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022-ൽ ഒപ്പിട്ടു. ഇത് പ്രകാരം പേയ്മെന്റ് നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | Letter of Credit open ചെയ്യേണ്ടതുണ്ട്. ത്രികക്ഷി കരാർ ഒപ്പിട്ടത് വരെയുള്ള നടപടികളുടെ നിയമ സാധുത അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം പരിശോധിക്കാൻ ബോർഡ് തീരുമാനിച്ചു.<br><br>പദ്ധതിയുടെ **99.7%** സിവിൽ നിർമ്മാണ പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. ബാക്കി യുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | 22/06/2023 -ലെ ബോർഡ് തീരുമാന മനുസരിച്ചുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത നടപടികളുടെ ഫലത്തിന് അനുസൃതമായാണ് കമ്മീഷനിംഗ് തീയതി നിശ്ചയിക്കുവാൻ കഴിയുക. |

സെക്ഷൻ ഓഫീസർ